'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. ഷാജി മോഹനനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1774/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/08/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.01.2014, 09.04.2014 എന്നീ തീയതികളിലെ ഇ10(എസ് സി 57/2013/എം.പി.എം)18730/2013 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 02.05.2017-ലെ ഡി4-6016/2016 നമ്പർ കത്ത്

3 സർക്കാരിന്റെ 22.06.2017-ലെ 439/ഇപിബി3/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. കെ.എം. ഷാജി മോഹനൻ സമർപ്പിച്ച 27.10.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 26.03.2019-ലെ ഡി4-6016/2016 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടനിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തുകയും പ്രസ്തുത ക്രമക്കേടുകളിന്മേൽ വകുപ്പുതല അന്വേഷണം നടത്തി വീഴ്ചകൾക്കുത്തരവാദിയായ ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ.എം. ഷാജി മോഹനനെതിരെ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. കെട്ടിട നിർമ്മാണാനുമതിക്കുള്ള പല അപേക്ഷകളിലും ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ (അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ) റിപ്പോർട്ട് വാങ്ങിയിട്ടില്ല.

2. നഞ്ച ഭൂമിയിൽ ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും വിരുദ്ധമായി റെഗുലറൈസ് ചെയ്തു നമ്പർ അനുവദിച്ചിരിക്കുന്നു.

3. കൈവശ സർട്ടിഫിക്കറ്റിൽ വ്യക്തമായും 'നഞ്ച' എന്ന് കാണിച്ചിട്ടും വാണിജ്യാവശ്യത്തിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

4. കെട്ടിട നിർമ്മാണം സംബന്ധിച്ച കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011-ലെ വ്യവസ്ഥകൾ പാലിക്കാത്ത നിർമ്മാണങ്ങൾ നിയമലംഘനമാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ നിരന്തരമായി ലംഘിച്ച് അനുമതി നൽകിയതായി കാണുന്നു.

5. രേഖകൾ ഇല്ലാതെയും അന്വേഷണം നടത്തി റിപ്പോർട്ട് ആക്കാതെയും നിരവധി കെട്ടിട നമ്പറുകൾ (വാണിജ്യാവശ്യത്തിനുള്ളവ ഉൾപ്പെടെ) നൽകിയതായി കാണുന്നു.

6. ചില ഫയലുകളിൽ അനാവശ്യമായി തിടുക്കത്തിൽ നടപടി എടുക്കുകയും, ചിലതിൽ യാതൊരു നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുക വഴി നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി കാണുന്നു.

7. വസ്തുനികുതി നിർണ്ണയത്തിലുണ്ടായ കുറവ് മൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായി.

തുടർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ യഥാവിധി പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകുകയും വഴി ശ്രീ. കെ.എം. ഷാജി മോഹനനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുയും എന്നാൽ ശ്രീ. കെ.എം. ഷാജി മോഹനൻ 30.11.2013-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. കെ.എം. ഷാജി മോഹനനെതിരെ കെ.എസ്.ആർ. ചട്ടം 59(ബി) പ്രകാരം പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഷാജി മോഹനൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.എം. ഷാജി മോഹനന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1 0 0 / - രൂപ വീതം സ്ഥിരമായി കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. കെ.എം. ഷാജി മോഹനനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. ഷാജി മോഹനനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം (1), (2), (3), (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ.എം. ഷാജി മോഹനൻ, മുൻ സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/439/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ